# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1327

03.12.15 ൽ - മറുപടിക്ക്

## റേഷൻ കാർഡ് പുതുക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>,, കെ.എസ്. ശബരീനാഥൻ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, ഹൈബി ഈഡൻ : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനിതകളെ കാർഡുടമകളാക്കിക്കൊണ്ട് റേഷൻ കാർഡ് പുതുക്കി നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ദേശീയ ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന പ്രകാരം കുടുംബത്തിലെ മുതിർന്ന വനിതയെ കാർഡുടമയാക്കി റേഷൻകാർഡ് നൽകുന്നതിനുളള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | സ്ത്രീ ശാക്തീകരണമാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | റേഷൻകാർഡ് പുതുക്കുന്നതിന്റെ ഭാഗമായി നിലവിലെ കാർഡിലെ വിവരങ്ങൾ ഉൾപ്പെടുത്തി പ്രീ-പോപ്പുലേറ്റഡ് ഫോറം കാർഡുടമകൾക്ക് നൽകി, വിവരങ്ങൾ ശേഖരിച്ച് പ്രത്യേകം സംഘടിപ്പിച്ച ക്യാമ്പുകളിലൂടെ ഫോട്ടോ എടുക്കുകയും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും ഡാറ്റാ എൻട്രിയിൽ എന്തെങ്കിലും പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് രേഖപ്പെടുത്തുന്നതിനായി ഓൺലൈൻ മുഖേനയും പ്രിന്റ് നൽകിയും തിരുത്തൽ രേഖപ്പെടുത്തി വാങ്ങി ഡേറ്റാകളുടെ കൃത്യത ഉറപ്പു വരുത്തുന്നു. |

Thulasi

സെക്ഷൻ ഓഫീസർ